2 മുതൽ 3 വർഷം വരെ	18
3 മുതൽ 4 വർഷം വരെ	20
4 മുതൽ 5 വർഷം വരെ	12
5 മുതൽ 6 വർഷം വരെ	3
6 മുതൽ 7 വർഷം വരെ	10
7 മുതൽ 8 വർഷം വരെ	4
8 മുതൽ 9 വർഷം വരെ	7
9 മുതൽ 10 വർഷം വരെ	5
10 മുതൽ 13 വർഷം വരെ	10
ആകെ	130

(സി)&(ഡി) തെളിയിക്കപ്പെടാത്ത കേസ്സുകൾ തെളിയിക്കുന്നതിന് പ്രത്യേക അന്വേഷണ സ്ക്വാഡുകൾ രൂപീകരിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. കൂടാതെ പ്രത്യേക കുറ്റാന്വേഷണ വിഭാഗമായ ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷണം നടത്തി തെളിയിക്കപ്പെടാത്ത കൊലക്കേസ്സുകൾ തെളിയിക്കപ്പെടുന്നുമുണ്ട്.

കൊലചെയ്യപ്പെട്ട മദ്യനിരോധന പ്രവർത്തകർ

56 (1531) <u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര മദ്യനിരോധനപ്രവർത്തകർ കൊല ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) എവിടെയെല്ലാമാണ് ഇവർ കൊലചെയ്യപ്പെട്ടത്;

(സി) പോലീസിന്റെ കൺമുന്നിൽവച്ച് ഈ ഗണത്തിൽപ്പെട്ടവരുടെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്?

<u>ഉത്തരം</u>

(എ) രണ്ട്.

(ബി തിരുവനന്തപുരം ജില്ലയിൽ വെള്ളറട പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട കൂതാളി എന്ന സ്ഥലത്ത്വച്ചും തൃശൂർ ജില്ലയിൽ ചായ്പാംകുഴി എന്ന സ്ഥലത്ത് വച്ചും.

(സി) 4.11.96-ന് രാത്രി 8.25 മണിക്ക് വ്യജചാരായം കയറ്റിവന്ന ലോറി വെള്ളറട പോലീസ് സ്റ്റേഷനതിർത്തിയിലുള്ള കൂതാളി എന്ന സ്ഥലത്ത് വച്ച് മദ്യവിരുദ്ധ സമിതി അംഗങ്ങളും പോലീസും ചേർന്ന് തടഞ്ഞ് പ്രതികളെ പോലീസ് അറസ്റ്റ് ചെയ്യാൻ ശ്രമിച്ച സമയം ലോറി മുന്നോട്ട് ഓടിച്ച് മദ്യവിരുദ്ധ പ്രവർത്തകനായ രാജേന്ദ്രൻ മരണപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ട്.

ബാലചന്ദ്രൻ പിള്ളയുടെ ദുരൂഹമരണം

57 (1532)<u>ശ്രീമതി ആർ. ലതാദേവി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊല്ലം ജില്ലയിൽ പെരിനാട് വെള്ളിമൺ അഞ്ചു നിവാസിൽ ബാലചന്ദ്രൻപിള്ള ജനുവരി 2-ാം തീയതി പെരുമൺ കോയിമുക്ക് ദേവീ ക്ഷേത്ര കുളത്തിൽ മരിച്ച നിലയിൽ കാണപ്പെട്ട വിവരം സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരണകാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ ദുരൂഹമരണവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തി ട്ടുണ്ടോ;

(ഡി) എങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദാംശം നൽകുമോ;

(ഇ) കേസ് അന്വേഷണം ഊർജ്ജിതമാക്കാൻ നടപടി കൈക്കൊ ള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏതോ വിധത്തിൽ കുളത്തിൽ വീണ് മരണമടഞ്ഞതായാണ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്.

(സി) ഉണ്ട്. (അഞ്ചാലുംമൂട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 3/2000 യു./എസ്. 174. (സി.ആർ.പി.സി.)

(ഡി ആന്റ് ഇ) കേസ് ഊർജ്ജിതമായി അന്വേഷിച്ചു വരുകയാണ്.

കൊല്ലപ്പെട്ട വിദ്യാർത്ഥികൾ

58 (1533) ശ്രീ. കെ. സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര വിദ്യാർത്ഥികൾ കൊല്ലപ്പെട്ടു; ഇതിൽ രാഷ്ട്രീയ കൊലപാതകങ്ങളെത്ര;

(ബി) രാഷ്ട്രീയ കൊലപാതകത്തിന് വിധേയരായ വിദ്യാർത്ഥികൾ ആരെല്ലാമാണ്;

(സി) ഇവർ ഏതു കോളേജുകളിലാണ് പഠിച്ചിരുന്നത്;

(ഡി). ഇവരുടെ കൊലപാതകങ്ങൾ സംബന്ധിച്ച കേസിന്റെ ഇപ്പോ ഴത്തെ നിലയെന്ത്;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ക്ലാസ് മുറിയി ലുള്ള വിദ്യാർത്ഥികളെ ഓടിച്ച് നദിയിലിറക്കി കൊന്ന സംഭവം ഉണ്ടായി ട്ടുണ്ടോ;

(എഫ്) എങ്കിൽ എവിടെ; ആരെല്ലാമാണ് ഇപ്രകാരം മരിച്ചത്?

ഉത്തരം

(എ) 52 വിദ്യാർത്ഥികൾ കൊലചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ ആറെണ്ണം രാഷ്ട്രീയ കൊലപാതകങ്ങളാണ്.

(ബി) അജയൻ, മുരുകാനന്ദകുമാർ, കിം കരുൺ, അനു, സുജിത്, ബിംബി എന്നിവരാണ് രാഷ്ട്രീയ കൊലപാതകത്തിന് വിധേയരായ വിദ്യാർത്ഥികൾ.

LIBRARY ARCHIVES Kerala Legislative Assembly